LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തോട്ടം മേഖലയിൽ ഈടാക്കുന്ന ഒരു നികുതി പ്ലാന്റേഷൻ ടാക്സാണ്. മെസ്സേഴ്സ് എച്ച്.എം.എൽ. ലിമിറ്റഡ് കമ്പനികാര്യ നിയമപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകി ഭൂമി കൈമാറ്റം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1956-ലെ കമ്പനീസ് ആക്ട് വകുപ്പ് 394 പ്രകാരം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി നേടിക്കൊണ്ട് കമ്പനികൾക്കിടയിൽ വിവിധ അമാൽഗമേഷൻ സ്കീമുകൾ നടപ്പാക്കി വരുന്നുണ്ടെന്നും ഇത്തരം സ്കീമുകളിലൂടെ വൻതോതിൽ സ്ഥാവര വസ്തുക്കൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും കൂടാതെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും തൻമൂലം ഖജനാവിന് ഭീമമായ റവന്യൂ നഷ്ടം ഉണ്ടാകുന്നതായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ റവന്യൂ വകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ നഷ്ടം സംബന്ധിച്ച് കൃത്യമായ കണക്ക് വകുപ്പിൽ ലഭ്യമല്ല.

(ഡി&ഇ) 1959-ലെ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്താതെ, അമാൽഗമേഷൻ മുഖേന സ്ഥാവര വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുവാൻ കഴിയുന്നതല്ല. 1958-ലെ Bombay Stamp Act-ന് അനുസരണമായോ The Indian Stamp (Amendment) Bill 2014-ലെ ബന്ധപ്പെട്ട ഭേദഗതിക്കനുസരണമായോ കേരള മുദ്രപ്പത്രനിയമത്തിലും ഭേദഗതി വരുത്തിക്കൊണ്ട് കോടതിയുടെ അനുമതിയോടെ നടപ്പാക്കി വരുന്ന അമാൽഗമേഷൻ സ്കീമുകൾ മുഖേന മുദ്രയിനത്തിൽ ഉണ്ടാകുന്ന റവന്യൂ ചോർച്ച തടയാവുന്നതാണ്. ഇന്ത്യൻ സ്റ്റാമ്പ് ആക്ടിന് അനുസരണമായിട്ടാണ് കേരള മുദ്രപ്പത്ര നിയമം നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ, The Indian Stamp (Amendment) Bill, 2014-ലെ ബന്ധപ്പെട്ട ഭേദഗതിയുടെ മാതൃക സ്വീകരിക്കുന്നതായിരിക്കും അഭികാമ്യം. എന്നാൽ 2014-ലെ ഇന്ത്യൻ സ്റ്റാമ്പ് (ഭേദഗതി) ബിൽ പാർലമെന്റ് പാസ്സാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത നിയമത്തിൽ ഭേദഗതി നിലവിൽ വന്നതിനുശേഷം മാത്രമേ 1959-ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

കെ.എഫ്.സി.-യുടെ സി.എം.ഡി.-ക്കെതിരെ ചുമത്തിസ്ഗഡിൽ അവിഹിത ഭൂമി ഇടപാട് കേസ്

198 (2436) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സിയുടെ സി.എം.ഡി.-ക്കെതിരെ ചുമത്തീസ്ഗഡിൽ അവിഹിത ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് അഴിമതി കേസ് ചാർജ് ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സി.എം.ഡി.-യെ തൽസ്ഥാനത്തു നിന്നു നീക്കി മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ ഒരു അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

കെ.എഫ്.സി.-യുടെ സാമ്പത്തികനില

199 (2437) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യുടെ 2013-14 സാമ്പത്തിക വർഷത്തെ സാമ്പത്തിക നില 2012-13 സാമ്പത്തിക വർഷത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ടോ ; എങ്കിൽ രണ്ട് സാമ്പത്തിക വർഷത്തെയും സാമ്പത്തിക നില വ്യക്തമാക്കാമോ ;

(ബി) കെ.എഫ്.സി.-യുടെ നിഷ്ക്രിയ ആസ്തിയുടെ നിലവാരം 2014 മാർച്ച് 31 നും, 2014 സെപ്റ്റംബർ 30 നും എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വായ്പാ വിതരണവും തിരിച്ചടവും മുൻവർഷത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്. രണ്ട് സാമ്പത്തിക വർഷത്തെയും സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(₹ in Crores)

Financial Year	2013-14	2012-13
Portfolio size	1800.37	1401.43
Sanctions	989.62	661.39
Disbursement	754.73	475.94
Recovery	565.13	540.22
Total income	266.19	257.70

LIBRARY ARCHIVES Kerala Legislative Assembly